# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2164

18-07-2016-ൽ
മറുപടി നൽകേണ്ടത്

## അക്കാദമിക്ക് സംവിധാനത്തിൽ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം :<br>പ്രൊഫ.കെ.യു. അരുണൻ :<br>ശ്രീ.പുരുഷൻ കടലുണ്ടി :<br>ശ്രീ.കെ.ഡി. പ്രസേനൻ : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെയും പൊതു വിദ്യാഭ്യാസത്തിന്റെയും അക്കാദമിക്ക് നിലവാരം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം അവലോകനം ചെയ്തിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസൃതമായി കഴിവ് വികസിപ്പിക്കാനുള്ള സൗകര്യം വിദ്യാലയങ്ങളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരുക്കാനായി അക്കാദമിക്ക് രംഗത്ത് എന്തെല്ലാം മാറ്റം വരുത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ; | ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ കുട്ടികളുടെ അഭിരുചിയും കഴിവും വികസിപ്പിക്കുന്നതിന് ആർ.എം.എസ്.എ, എസ്,എസ്.എ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുകയും, അക്കാദമിക് മികവ് വരുത്തുന്നതിന് സിലബസ് പരിഷ്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും എസ്.എസ്.എൽ.സി കുട്ടികൾക്കായി എല്ലാവർഷവും "ഒരുക്കം" എന്ന കൈപുസ്തകം തയ്യാറാക്കി വരികയും ചെയ്യുന്നു.<br>ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസൃതമായി കഴിവ് വികസിപ്പിക്കുന്നതിനായി എൽ.ബി.എസ്, ഐ.റ്റി. ഡബ്ല്യൂ പൂജപ്പുര ടെക്നോളജി ബിസിനസ് ഇൻക്യൂബേഷൻ സെന്റർ പ്രവർത്തിക്കുന്നു. ടെക്ഫെസ്റ്റ്, സെമിനാർ, എക്സിബിഷൻ,ക്വിസ് കോമ്പറ്റീഷൻ, വിവിധ കലാകായിക മത്സരങ്ങൾ തുടങ്ങിയവ കോളേജുകളിൽ സംഘടിപ്പിക്കുന്നുണ്ട്.<br>വിദ്യാർത്ഥിയുടെ അഭിരുചിക്കനുസൃതമായി കഴിവ് വർദ്ധിപ്പിക്കുവാൻ കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ റെമഡിയൽ കോച്ചിംഗ്, കോച്ചിംഗ് ഫോർ എൻട്രി ഇൻടു |

| | |
|---|---|
| | സർവ്വീസ്, കരിയർ & കൌൺസിലിംഗ് സെൽ, പ്ലേസ്മെന്റ് സെൽ, ഐ.ക്യു.എ.സി. ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തുന്നുണ്ട്.<br>കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് കഴിവ് വികസിപ്പിക്കുന്നതിന് അസാപ്പ് (അഡീഷണൽ സ്കിൽ അക്യുസിഷേൻ പ്രോഗ്രാം), ഡബ്ല്യു. ഡബ്യു.എസ് (വാക്ക് വിത്ത് സ്കോളാർ), എസ്.എസ്.പി (സ്കോളർ സപ്പോർട്ട് പ്രോഗ്രാം). എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>മലയാളം സർവ്വകലാശാലയിൽ ബിരുദ, ബിരുദാന്തര കോഴ്സുകൾ യു.ജി.സി അനുശാസിക്കുന്ന ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം പാലിച്ചാണ് നടത്തുന്നത്. |
| സി) സ്വയംഭരണ മാനേജ്മെന്റ് തലത്തിൽ എന്നതിനു പകരം അക്കാദമികരംഗത്ത് മാത്രം എന്ന നിലയിൽ സ്വയംഭരണസംവിധാനം പുന:ക്രമീകരിക്കാൻ സാധിക്കുമോ; എങ്കിൽ വിശദമാക്കുമോ; | സി) നിലവിൽ അക്കാദമിക തലത്തിലെ സ്വയംഭരണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 11 എയ്ഡഡ് കോളേജുകളിലും ഒരു സർക്കാർ കോളേജിലുമാണ് സ്വയം ഭരണം നടപ്പിലാക്കിയിട്ടുള്ളത്. |
| ഡി) പ്രിൻസിപ്പൽസ് കൗൺസിൽ, മാനേജ്മെന്റ് അസോസിയേഷൻ തുടങ്ങി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലപ്പത്തുള്ളവർക്കും നടത്തിപ്പുകാർക്കും സംഘടനയാകാമെന്നിരിക്കെ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ ഉറപ്പാക്കി സാമൂഹ്യ ഇടപെടലിന് അവരെ പ്രാപ്തരാക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ